**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 616** **10-02-2025 - ൽ മറുപടിയ്ക്ക്**

**ഗാല പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പ്രേംകുമാർ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | ഗാല പദ്ധതിയുടെ ഉദ്ദേശങ്ങളും പ്രത്യേകതകളും വിശദമാക്കാമോ; | (എ) | കേരളത്തിൽ വയനാട് ഒഴികെയുള്ള എല്ലാ ജില്ലകളിലും വ്യവസായ വാണിജ്യ ഡയറക്ടറുടെ നിയന്ത്രണത്തിൽ വ്യവസായ വികസന ഏരിയ/ പ്ലോട്ട്, പാർക്ക് എന്നിവ നിലവിലുണ്ട്. ഇവിടങ്ങളിൽ സംരംഭകർക്ക് ഭൂമി അനുവദിച്ചു നൽകുന്നുണ്ട്. വ്യവസായ ഭൂമിയ്ക്കായി ധാരാളം സംരംഭകർ അപേക്ഷിക്കുന്നതിനാലും ഈ വിധത്തിൽ അനുവദിക്കപ്പെടുന്ന ഭൂമി അപര്യാപ്തമായതിനാലും കുറഞ്ഞ ഭൂവിസ്തൃതി ഉപയോഗപ്പെടുത്തി കൂടുതൽ യൂണിറ്റുകളെ അധിവസിപ്പിക്കുക എന്ന ഉദ്ദേശ്യത്തിൽ ബഹുനില വ്യവസായ സമുച്ചയങ്ങൾ (ഗാല) നിർമ്മിക്കുക എന്ന പദ്ധതി നടപ്പിലാക്കി വരുന്നു.<br><br>എറണാകുളത്തെ എടയാർ വ്യവസായ മേഖലയിൽ ഒരു ബഹുനില വ്യവസായ സമുച്ചയം നിർമ്മിച്ച് സംരംഭകർക്ക് അനുവദിച്ചു നൽകിയിട്ടുണ്ട്. ആലപ്പുഴ, പുന്നപ്രയിൽ ഒരു ബഹുനില വ്യവസായ സമുച്ചയത്തിന്റെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. തൃശ്ശൂർ ജില്ലയിലെ പുഴക്കൽപ്പാടത്ത് 11.41 ഏക്കർ ഭൂമിയിൽ രണ്ട് ഘട്ടങ്ങളിലായി ഏകദേശം 2,61,530 ചതുരശ്രയടിയിലുള്ള വ്യവസായ സമുച്ചയങ്ങൾ നിർമ്മിച്ചിട്ടുണ്ട്.<br><br>പാലക്കാട് ജില്ലയിലെ ഷൊർണ്ണൂരിൽ ഒരു ബഹുനില സമുച്ചയം ആരംഭിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. കൂടാതെ, കണ്ണൂർ ജില്ലയിൽ 3 എണ്ണവും കൊല്ലം ജില്ലയിൽ 2 എണ്ണവും തൃശ്ശൂർ ജില്ലയിൽ 2 എണ്ണവും കോഴിക്കോട്, കാസർഗോഡ് എന്നീ ജില്ലകളിൽ 1 വീതവും ആകെ 9 ബഹുനില വ്യവസായസമുച്ചയങ്ങൾ സ്ഥാപിക്കുന്നതിനായി പ്രോജക്ട് റിപ്പോർട്ട് തയാറാക്കുന്നതിനുള്ള നടപടികളും പുരോഗമിക്കുന്നു. |

| | | | |
|---|---|---|---|
| (ബി) | ഗാല പദ്ധതിയിൽ ഉൾപ്പെടുത്തി പാലക്കാട് ജില്ലയിൽ ഏതെല്ലാം പ്രവൃത്തികൾ ഉണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (ബി) | പാലക്കാട് ജില്ലയിൽ വ്യവസായ വകുപ്പിന്റെ അധീനതയിൽ ഷൊർണ്ണൂരിൽ ബഹുനില വ്യവസായ സമുച്ചയ നിർമ്മാണത്തിന് 36.711 കോടി രൂപയുടെ ഭരണാനുമതി ലഭ്യമാക്കുകയും നിർമ്മാണ ഏജൻസിയായ കിറ്റ്കോയ്ക്ക് വർക്ക് ഓർഡർ നൽകുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ